**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **24-02-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അപ്രതീക്ഷിത പ്രകൃതിക്ഷോഭവും കനത്തമഴയും കാരണം ഒക്ടോബർ, നവംബർ മാസങ്ങളിൽ കടലിൽ പോകാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക ആശ്വാസ ധനസഹായം നൽകിയിരുന്നോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നറിയിക്കാമോ; | (എ) | 2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെ തുടർന്ന് കടലിൽ പോകുന്നതിനു വിലക്കേർപ്പെടുത്തിയത് മൂലം തൊഴിൽ നഷ്ടപെട്ട മത്സ്യതൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ,ഒരു കുടുംബത്തിന് 3000 / രൂപ വീതം ധന സഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 47.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകൾ മുഖേന 1,59,481 മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്; മത്സ്യബന്ധന വകുപ്പ് നേരിട്ടും ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, സാഫ് എന്നിവ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ